# പതിനാലാം കേരള നിയമസഭ

## (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2915** **18.08.2017-ൽ മറുപടിയ്ക്ക്**

**തലശ്ശേരി നിയോജകമണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികൾ ആണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ; ഇവയുടെ നിലവിലുള്ള അവസ്ഥ എന്താണ്; ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കുമോ; | എ) 1) നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെ തലശ്ശേരി നഗരസഭയിലെ മഞ്ഞോടിയിൽ തീരദേശ വികസനകോർപ്പറേഷൻ മുഖേന 250 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ പ്രസ്തുത മാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രദേശത്തെ സ്ഥലവാസികൾ ബഹു. ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തതിനാൽ മാർക്കറ്റ് ബിൽഡിംഗിങ്ങിലുള്ള അവസാനവട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മാർക്കറ്റ് ബിൽഡിംഗ് നഗരസഭക്ക് കൈമാറ്റം ചെയ്യുവാൻ തീരദേശ വികസന കോർപ്പറേഷന് കഴിഞ്ഞിട്ടില്ല.<br>2) 2016-17 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യവികസന പദ്ധതി Tranche 22 ൽ ഉൾപ്പെടുത്തി തലശ്ശേരി മുനിസിപ്പാലിറ്റിയിലെ എരഞ്ഞോളി ഫിഷ് ഫാം വികസിപ്പിക്കുന്നതിനായി 163.00 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിരുന്നു. പദ്ധതി ടെണ്ടർ ചെയ്യുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.<br>3) തലശ്ശേരി നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന മേഖലയിൽ തലായി ഫിഷിംഗ് ഹാർബറിൽ മത്സ്യഫെഡിന് ഒരു ഡീസൽ ബങ്ക് സ്ഥാപിക്കുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് നൽകുകയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഡീസൽ ബങ്കിനുള്ള സ്ഥലം അതിര് തിരിച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ഡീസൽ ബങ്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലാത്തതിനാൽ മറ്റൊരു സ്ഥലം അനുവദിച്ചു തരാനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനിയറുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | തലശ്ശേരി നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഏതൊക്കെ പ്രവൃത്തികൾ ആണ് കിഫ്ബിയിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികൾ ആണ് എടുത്തിട്ടുള്ളത്; ഇതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) | കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനായി തലശ്ശേരി നിയോജക മണ്ഡലത്തിലെ താഴെപറയുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| പദ്ധതി | അടങ്കൽതുക |
|---|---|
| ഗവൺമെന്റ് എച്ച്.എസ്.എസ് ചിറക്കര പുതിയ കെട്ടിട നിർമ്മാണം | 530.96 ലക്ഷം രൂപ |
| ന്യൂ മാഹി മത്സ്യമാർക്കറ്റ് നിർമ്മാണം | 178.38 ലക്ഷം രൂപ |

**സെക്ഷൻ ആഫീസർ**